കൂടാതെ രോഗം ബാധിച്ച കവുങ്ങുകൾക്ക് നഷ്ടപരിഹാരം നൽകി അടയ്ക്കാ കർഷകരെ സഹായിക്കുന്നതിന് അഡീഷണൽ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തി കേന്ദ്ര സഹായ പദ്ധതി പ്രകാരം, രോഗം ബാധിച്ച കവുങ്ങ് വെട്ടിമാറ്റുന്നതിന് കവുങ്ങ് ഒന്നിന് 100 രൂപ ധനസഹായം നൽകുന്നതാണ്. രൂക്ഷമായി രോഗം ബാധിച്ച മലബാർ മേഖലയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

വാനില കർഷകരുടെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

126 [2743] ശ്രീ. കളത്തിൽ അബ്ദുള്ള:
,, സി. ടി. അഹമ്മദാലി:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാനില കർഷകർ നേരിടുന്ന നഷ്ടം വൻതോതിൽ വർദ്ധിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളെന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) ഇവരുടെ പ്രശ്നം പരിഹരിക്കാനും ഇവരെ സഹായിക്കാനും ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജൈവവളം ലഭ്യമാക്കാൻ നടപടി

127 [2744] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവവളം ഉപയോഗിച്ചു ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾക്കും, മറ്റു ഭക്ഷ്യവസ്തുക്കൾക്കും ഡിമാന്റ് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ജൈവവളം ഉപയോഗിച്ചു കൃഷിചെയ്യുന്ന രീതി പ്രോത്സാഹിപ്പിക്കുന്നതിനു എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജൈവവളം ആവശ്യമായ കർഷകർക്ക് ലഭ്യമാക്കാനുള്ള എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജൈവകൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷിവകുപ്പു നടപ്പു സാമ്പത്തിക വർഷം ഒരു കോടി രൂപ ചെലവാക്കി ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ കൃഷിവകുപ്പിൽ നടപ്പാക്കിവരുന്ന മറ്റു പല പദ്ധതികളിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വിഹിതം വകകൊള്ളിച്ചിട്ടുണ്ട്.

കുരുമുളക് വികസനപദ്ധതിപ്രകാരം ജൈവകൃഷിയിലൂടെ കുരുമുളക് ഉൽപ്പാദിപ്പിക്കുന്നതിനു 78.10 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ജൈവകൃഷിയിലൂടെ ശീതകാലപച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനായി 10 ലക്ഷം രൂപ നൽകിവരുന്നു. വയനാട് ജില്ലയിൽ ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങൾ ജൈവകൃഷിയിലൂടെ വ്യാപിപ്പിക്കുന്നതിനു 5.50 ലക്ഷം രൂപയും നെല്ലിലെ പൊക്കാളികൃഷി പൂർണ്ണമായും ജൈവകൃഷിരീതിയിൽ നടപ്പിലാക്കുന്നതിനു 24 ലക്ഷം രൂപയും നീക്കിവച്ചിരിക്കുന്നു. കർഷകർക്ക് ആവശ്യമായ ജൈവവളം ലഭ്യമാക്കുന്നതിനു ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ എന്ന പദ്ധതിയനുസരിച്ച് 10 ലക്ഷം രൂപ നൽകിവരുന്നു.

(ബി) ഉണ്ട്. കർഷർക്ക് ആവശ്യമായ ജൈവവളം ലഭ്യമാക്കുന്നതിനു ജൈവകൃഷി പ്രോത്സാഹിപ്പിക്കൽ എന്ന പദ്ധതി പ്രകാരം കർഷകർക്ക് 50 ജൈവവള നിർമ്മാണയൂണിറ്റുകൾക്ക് ധനസഹായമായി 10 ലക്ഷം രൂപ നൽകിവരുന്നു. നാളികേര വികസനബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 90 ജൈവവള യൂണിറ്റുകൾ നിർമ്മിക്കുന്നതിനു യൂണിറ്റൊന്നിനു 20,000 രൂപ പ്രകാരം 18 ലക്ഷം രൂപ ധനസഹായമായി നൽകിവരുന്നു. നഗരത്തിൽ ഒരു നാട്ടിൻപുറം എന്ന പദ്ധതിപ്രകാരം വീടുകളിൽ വെർമികമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും 600 രൂപ ധനസഹായം നൽകിവരുന്നു. നഗരങ്ങളിലെ ഖരമാലിന്യങ്ങൾ സംസ്കരിച്ചു ജൈവവളമാക്കി മാറ്റുന്നതിനു തിരുവനന്തപുരം കോർപ്പറേഷനു 40 ലക്ഷം രൂപയും കോഴിക്കോട് കോർപ്പറേഷനു 20 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly